**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1211** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ ബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ പാരിസ്ഥിതിക കാരണങ്ങളാൽ മത്സ്യത്തിന്റെ അളവ് മുമ്പത്തേതിൽ നിന്നും ഗണ്യമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന തൊഴിലാളികളെ സഹായിക്കുന്നതിന് വേണ്ടി പുഴയിലും മറ്റു ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന മത്സ്യകുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഉൾനാടൻ ജലാശയങ്ങൾ പരമാവധി മത്സ്യകൃഷിക്ക് ഉപയുക്തമാക്കുന്നതിനും അത് വഴി സുസ്ഥിരമായ മത്സ്യലഭ്യത ഉറപ്പാക്കി. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2022- 23 വർഷം മുതൽ മൂന്ന് വർഷം ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന ട് പദ്ധതിയുടെ ആകെ അടങ്കൽ 1199 ലക്ഷം രൂപയാണ്. "ഉൾനാടൻ ജല ആവാസ വ്യവസ്ഥയിൽ സംയോജിത മത്സ്യ വിഭവ പരിപാലനം" എന്ന ടി പദ്ധതി പ്രകാരം പുഴകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും മത്സ്യ/ കക്ക സംരക്ഷണ പ്രദേശങ്ങൾ സജ്ജീകരിക്കുകയും ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. 2022-23ൽ164 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ കുഞ്ഞുങ്ങളെയും ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെൻറ് പദ്ധതിയ്ക്ക് 2022-23 വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 12 റിസർവോയറുകളിലായി (മണിയാർ, പമ്പ, പൊന്മുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (ലോവർ)) 78.88 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ |

| | | | |
|---|---|---|---|
| | | | നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ ഈ വർഷവും തുടരുന്നുണ്ട്. |
| (ബി) | ഏതെല്ലാം മത്സ്യ കുഞ്ഞുങ്ങളെയാണ് നിലവിൽ ഇത്തരം സ്രോതസ്സുകളിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നത്; വിശദമാക്കുമോ? | (ബി) | പ്രാദേശികവും ജലാശയത്തിന്റെ രാസ ഭൗതിക സാഹചര്യത്തിന്റെയും അടിസ്ഥാനത്തിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ മേജർ കാർപ്പുകൾ തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, കറൂപ്പ്, പൂമീൻ, ആറ്റുകൊഞ്ച്, ചെമ്മീൻ, വരാൽ തുടങ്ങിയ ഇനത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിക്കുന്നത്. |

സെക്ഷൻ ഓഫീസർ